## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4523 18.05.2017-ൽ മറുപടിയ്ക്ക്

### കിഫ്ബി പദ്ധതികൾക്കുവേണ്ടിയുള്ള ധനസമാഹരണം

| | ചോദ്യം<br>ശ്രീ.അബ്ദുൽ ഹമീദ്.പി. | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞ പ്രകാരം കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | പ്രവാസി ചിട്ടി ആരംഭിച്ചിട്ടില്ല. അതിനായുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (ബി) | പ്രസ്തുത ചിട്ടിയിലൂടെ സമാഹരിക്കുന്ന ധനം കിഫ്ബിയ്ക്ക് കൈമാറുമ്പോൾ കെ എസ്.എഫ്.ഇ യിലെ ചിറ്റാളന്മാർക്ക് ചിട്ടിപണം തിരികെ നൽകുന്നതിന് തടസ്സങ്ങൾ ഉണ്ടാകുവാൻ സാദ്ധ്യതയുണ്ടോ; | (ബി) | ചിട്ടിപണം തിരികെ നൽകുന്നതിന് യാതൊരു തരത്തിലുള്ള തടസ്സവും ഉണ്ടാകുന്നതല്ല. ബോണ്ടിൽ നിക്ഷേപിക്കുന്ന പണം, ചിട്ടിപ്പണം നൽകേണ്ടിവരുമ്പോഴും മറ്റാവശ്യങ്ങൾക്കും പിൻവലിക്കുന്നതിനുള്ള കാൾ ഓപ്ഷൻ സൗകര്യത്തോടെയാണ് ബോണ്ടുകളിൽ നിക്ഷേപിക്കുക. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം കെ എസ്.എഫ്.ഇ യിലെ ചിറ്റാളന്മാർക്ക്ഉണ്ടാകാവുന്ന റിസ്കിന് എന്ത് സംരക്ഷണമാണ് നൽകുക എന്ന് വ്യക്തമാക്കുമോ? | (സി) | കെ.എസ്.എഫ്.ഇ യിലെ സാധാരണ ചിട്ടി പോലെതന്നെയാണ് പ്രവാസി ചിട്ടിയും ചിറ്റാളന്മാരെ സംബന്ധിച്ചിടത്തോളം മറ്റ് യാതൊരുവിധ റിസ്കും പ്രവാസി ചിട്ടിയിൽ പ്രത്യേകമായി എടുക്കേണ്ടതില്ല. |

സെക്ഷൻ ഓഫീസർ.